**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5421** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ വഖഫ് ഭൂമി കയ്യേറുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ വഖഫ് ഭൂമി അന്യാധീനമായി ആളുകൾ കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തിലെ വഖഫ് ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; ആയതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ; | (ബി) | ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ അബ്ദുൾ ലത്തീഫ് ഹാജി ഇസ്മായിൽ സേട്ട് വഖഫിന്റെ ഭരണം സംബന്ധിച്ച് ബോർഡ് മുമ്പാകെ ഒ.പി 68/2020 നമ്പറായി കേസ്സ് നിലവിലുള്ളതാണ്. |
| (സി) | ഗുരുവായൂർ മണ്ഡലത്തിലെ വഖഫ് ഭൂമി സംരക്ഷിക്കുന്നതിന് നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഗുരുവായൂർ മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ അബ്ദുൾ ലത്തീഫ് ഹാജി ഇസ്മായിൽ സേട്ട് വഖഫിന്റെ വസ്തു പ്രദേശവാസികൾ വഴിക്ക് വേണ്ടി കയ്യേറുവാൻ ശ്രമിക്കുന്നതായി വഖഫ് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത വഖഫ് വസ്തുവിനു സമീപം താമസിക്കുന്നവർക്ക് വഴി ആവശ്യമുള്ള പക്ഷം വഖഫ് നിയമം അനുശാസിക്കുന്നത് പ്രകാരം മാർക്കറ്റ് വില നല്കി ടി വസ്തു സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്ന വിവരം ബന്ധപ്പെട്ട പഞ്ചായത്തിനെ ബോർഡ് അറിയിച്ചിട്ടുള്ളതും ടി വസ്തു സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത നിയോജകമണ്ഡലത്തിലെ മറ്റൊരു വഖഫായ മാളിയേക്കൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ളതും വരുമാനം ചാവക്കാട് മഹല്ല് ജമാഅത്തിന് ലഭിക്കുന്നതുമായ വസ്തു അന്യാധീനപ്പെട്ടത് സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വസ്തു സ്ഥിതി ചെയ്യുന്ന വില്ലേജാഫീസിലേയ്ക്ക് നിലവിലെ |

| | | | |
|---|---|---|---|
| | | | കൈവശക്കാരുടെ പേരുവിവരങ്ങളാവശ്യപ്പെട്ട് കത്തയച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ